പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*533

**02.07.2019 -ലെ മറുപടിയ്ക്ക്**

## തോട്ടം തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. കെ.എസ്. ശബരീനാഥൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ അടിസ്ഥാന പ്രശ്നം ശുചിത്വമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യത്തിന്റെ അഭാവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) തോട്ടം മേഖലയിൽ ഭൂരഹിത, ഭവനരഹിതരായി ഇപ്പോഴും പതിനായിരക്കണക്കിന് ആളുകൾ ഉണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ)യും ബി)യും ഉണ്ട്. തോട്ടം മേഖലയിലെ ഭൂരഹിത/ഭവനരഹിത തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ച് മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത്തരം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഭവനരഹിതരും സ്വന്തമായി സ്ഥലമുള്ളതുമായ തോട്ടം തൊഴിലാളികൾക്ക് 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും, സ്വന്തമായി സ്ഥലമില്ലാത്ത തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭവനം ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന "Own Your Own House" പദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വന്തമായി ഭൂമിയുള്ള തോട്ടം തൊഴിലാളികൾക്ക് വീടു വച്ച് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടമായി ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം മേഖലയിലെ സ്വന്തമായി ഭൂമിയുള്ള തൊഴിലാളികൾക്ക് ഇടുക്കി ജില്ലയിൽ കുറ്റ്യാർവാലിയിൽ സ്വതന്ത്ര ഭവനങ്ങളുടെ പണി പുരോഗമിച്ച് വരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സി) പ്രവർത്തനം നിലച്ച തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

സി) സംസ്ഥാനത്ത് നിലവിൽ 13 തോട്ടങ്ങൾ പ്രവർത്തനരഹിതമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാനേതാക്കളുമായും തൊഴിൽ വകുപ്പ് മന്ത്രി നിരവധിഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് പൂട്ടിക്കിടക്കുന്ന ഈ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) പ്രവർത്തനം നിലച്ച തോട്ടം മേഖലയിലെ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കുമോ?

ഡി) പ്രവർത്തനം നിലച്ച തോട്ടം മേഖലയിൽ ജീവിത പ്രയാസമനുഭവിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന വിദ്യാഭ്യാസം, വിവാഹം, മരണാനന്തര സഹായം എന്നിങ്ങനെ വിവിധ ഇനങ്ങളിലായി ധനസഹായങ്ങൾ നൽകി വരുന്നു. പ്ലാന്റേഷൻ ക്രൈസിസ് റിലീഫ് മെഡിക്കൽ ടീം തോട്ടം മേഖലകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ചികിത്സാ സഹായം നൽകിവരുന്നുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഓണക്കിറ്റുകളും എല്ലാ വർഷവും ഓണം എക്സ്ഗ്രേഷ്യ ധനസഹായമായി 2000/- രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിച്ച് അപേക്ഷകൾ സമാഹരിക്കുകയും പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരമുള്ള നിയന്ത്രണാധികാരികളായ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ മുമ്പാകെ ഗ്രാറ്റുവിറ്റി കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**